# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 ഏപ്രിൽ 22 ബുധൻ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## മുഖ്യമന്ത്രിയുടെ സഹായഹസ്തം- ജില്ലയിൽ 184 കോടി വായ്പ

കോവിഡ് ചെറുത്തു നിൽപ്പിനായി കുടുംബശ്രീ അംഗങ്ങൾക്ക് പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ സഹായ ഹസ്തം- വായ്പാ പദ്ധതി പ്രകാരം ജില്ലയിൽ 184 കോടി വായ്പ നൽകുന്നതിന് ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. കുടുംബശ്രീ അംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ സഹായ ഹസ്തം പദ്ധതി വഴി സംസ്ഥാനത്തൊട്ടാകെ 2000 കോടി രൂപയാണ് പലിശ രഹിത വായ്പയായി നൽകുന്നത്. ലോക്ക്ഡൗൺ മൂലം കുടുംബങ്ങൾക്കുണ്ടായ തൊഴിൽ നഷ്ടവും വരുമാന നഷ്ടവും കണക്കിലെടുത്തും ചികിത്സ, വീട്ടു വാടക ചെലവുകൾ എന്നിവ പരിഗണിച്ചുമാണ് ഓരോ അയൽക്കൂട്ട അംഗത്തിന്റെയും വ്യക്തിഗത വായ്പാ പരിധി നിശ്ചയിക്കുന്നത്. 5000, 10000, 15000, 20000 രൂപ വരെയുള്ള സ്ലാബ് നിശ്ചയിച്ചാണ് വായ്പ നൽകുന്നത്. 2019 ഡിസംബർ 31 ന് മുമ്പ് രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ ലഭ്യമാക്കുന്നത്. 36 മാസത്തിനകം തിരിച്ചടക്കണം. 9% പലിശ സഹിതമാണ് തിരിച്ചടവ്. ഓരോ വർഷവും പലിശ തുക സർക്കാർ കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേക്ക് മടക്കി നൽകും. തവണ അടക്കാൻ വീഴ്ച വരുത്തുന്നവർക്ക് പലിശ സബ്സിഡിക്ക് അർഹതയുണ്ടാകില്ല. സർക്കാരിൽ നിന്നോ, മറ്റു സ്ഥാപനങ്ങളിൽ നിന്നോ പ്രതിമാസം 10000 രൂപയിൽ കൂടുതൽ വേതനം/പെൻഷൻ/ഓണറേറിയം കൈപ്പറ്റുന്നവർ വായ്പയ്ക്ക് അർഹരല്ല. കുടുംബശ്രീ സി.ഡി.എസ്സിൽ അഫിലിയേറ്റ് ചെയ്തിട്ടില്ലാത്തതും 2018-19 വർഷം അംഗത്വം പുതുക്കിയിട്ടില്ലാത്തതും ഓഡിറ്റ് ചെയ്തിട്ടില്ലാത്തതുമായ അയൽക്കൂട്ടങ്ങൾക്കും അർഹതയുണ്ടാവില്ല. ദാരിദ്ര്യ നിർമ്മാജ്ജനം ലക്ഷ്യമാക്കി കേരള സർക്കാർ വിഭാവനം ചെയ്ത കുടുംബശ്രീ സംവിധാനത്തിൽ നിലവിൽ 43 ലക്ഷം അംഗങ്ങളാണ് ഉള്ളത്. ഒരു കുടുംബത്തിലെ ഒരാൾ എന്ന നിലയ്ക്ക് ഇവർ 43 ലക്ഷം കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്നു. സമൂഹത്തിലെ സാമ്പത്തിക പിന്നോക്ക അവസ്ഥയിലുള്ള 80% കുടുംബങ്ങളെയും കുടുംബശ്രീ പ്രതിനിധാനം ചെയ്യുന്നതിനാൽ സാമ്പത്തിക സഹായം ആവശ്യമായവരെ കണ്ടെത്തുന്നതിനും അവർക്ക് ബാങ്ക് വായ്പയിലൂടെ അടിയന്തിര സഹായം ലഭ്യമാക്കുന്നതിനും സർക്കാറിന്റെ ഈ പദ്ധതിയിലൂടെ സാധ്യമാകും.

യോഗത്തിൽ ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ അനിൽ കുമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.വി. ജ്യോതിഷ്കുമാർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കനറ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് ജില്ലാ മേധാവികളും പങ്കെടുത്തു.

## പട്ടയ വിതരണം: സർവ്വേ
## ഇന്ന് (ഏപ്രിൽ 23) മുതൽ പുനരാരംഭിക്കും

ജില്ലയിലെ മുടങ്ങി കിടന്നിരുന്ന പട്ടയവിതരണം ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം ഇന്ന് മുതൽ പുനരാരംഭിക്കും. രണ്ട് തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതോടനുബന്ധിച്ച് നടപ്പിലാക്കുക. ആദ്യമായി നിലവിൽ സർക്കാരിന്റെ ഉത്തരവ് പ്രകാരം ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിങ് നടന്നിട്ടും റിപ്പോർട്ട് കയ്യിൽ ലഭിക്കാത്ത കേസുകളിൽ സർവ്വേ നടത്തി പട്ടയങ്ങൾ വിതരണം ചെയ്യും. രണ്ടാമതായി ജെ വി ആർ നടത്തി കേന്ദ്രത്തിലേക്ക് അനുമതിക്ക് അയച്ചിട്ടും ഓൺലൈനിൽ അപേക്ഷ നൽകാത്തതിനാൽ നിരസിക്കപ്പെട്ട കേസുകളിൽ ജി പി എസ് സർവ്വേ നടത്തി വീണ്ടും അപേക്ഷ നൽകുകയും ചെയ്യും.

ഗവൺമെന്റ് ചീഫ് വിപ്പ് അഡ്വ കെ രാജന്റെ അധ്യക്ഷതയിൽ വനഭൂമി പട്ടയം സർവ്വേ ജോലികൾക്കായി സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

ജില്ലയിൽ ലോക് ഡൌൺ നിലനിൽക്കെ ലഭിച്ച ഇളവുകളുടെ അടിസ്ഥാനത്തിൽ അടിയന്തരമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന യോഗ ത്തിലാണ് മലയോര പട്ടയങ്ങൾ ഉടൻതന്നെ കൊടുത്തു തീർക്കാൻ തീരുമാനമായത്. 60% ത്തിൽ അധികം സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വന്ന സമയത്ത് ലോക് ഡൌൺ പ്രഖ്യാപിച്ചതോടെ മുടങ്ങി പോയ പ്രവർത്തനങ്ങളാണ് അടിയന്തരമായി തീർക്കുന്നത്.

പട്ടയവുമായി ബന്ധപ്പെട്ട സർവേയും, സ്കെച്ച് എടുക്കലും അനുബന്ധ പ്രവർത്തനങ്ങളും ഉടൻ പൂർത്തീകരിക്കും. ഇതിനുവേണ്ടി ഒൻപത് പ്രത്യേക ടീമുകളെ തയ്യാറാക്കിയിട്ടുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും സർവ്വേ ജോലികൾക്കായി വരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും എത്തിച്ചേരാനായി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം പ്രത്യേക കെ എസ് ആർ ടി സി ബസുകൾ ഓടും. ഓരോ മേഖലയിലേക്കും പ്രത്യേക വാഹനങ്ങൾ തയ്യാറാക്കി ലോക് ഡൌൺ കാലഘട്ടത്തിൽ തന്നെ സർവ്വേ പ്രവർത്തനങ്ങൾ പൂ ർത്തീകരിക്കും.

ജിപിഎസ് സർവേ നടത്തി ഓൺലൈനിൽ രേഖപ്പെടുത്തി പട്ടയവിതരണത്തിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കും. സർവ്വേക്കായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ ജി പി എസ് മെഷീനുകളും എല്ലാവിധ സൗകര്യങ്ങളും ഒരുക്കും. അവർക്ക് ആവശ്യമുള്ള ഭക്ഷണം, ടോയ്ലറ്റ് സംവിധാനം വാഹനങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായി ഒരുക്കും. 9 ടീമുകളിലായി 3 മുതൽ 5 വരെ അംഗങ്ങളെയാണ് ഇപ്പോൾ ഇതിനായി നിയമിച്ചിരിക്കുന്നത്.

പീച്ചി ഭാഗത്ത് ഒൻപത് പേരും, മാന്നാമംഗലം കൈനൂർ മേഖലകളിൽ ആറു പേരും, കിള്ളന്നൂർ മേഖലയിൽ നാലുപേരും, മണലിത്തറ മേഖലയിൽ മൂന്നുപേരും ഉൾപ്പെടെ 22 പേരെയാണ് സർവ്വേ പ്രവർത്തനങ്ങൾക്കായി നിയമിച്ചിരിക്കുന്നത്.

27 കൊല്ലമായി വളരെ സാവധാനത്തിൽ വന്നിരുന്ന പട്ടയവിതരണം ഈ വർഷം കൊണ്ട് ഏറ്റവും കൂടുതൽ നൽകി ഒരു ചരിത്ര സംഭവമാക്കി മാറ്റാനാണ് തീരുമാനം എന്നും ചീഫ് വിപ്പ് പറഞ്ഞു.

യോഗത്തിൽ ജില്ലാ കലക്ടർ എസ് ഷാനവാസ്, എ ഡി എം റെജി പി ജോസഫ്, 28 ഓളം സർവേയർമാർ, എക്സ് സർവെയർമാർ ജില്ലാ സർവേ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചീഫ് വിപ്പ് അഡ്വ. കെ രാജന്റെ നേതൃത്വത്തിൽ നടന്ന പട്ടയവിതരണം സംബന്ധിച്ച യോഗം***

## പുതിയ പദ്ധതിനിർവ്വഹണം
## ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് 872.09 കോടി രൂപ

പുതിയ പദ്ധതി നിർവ്വഹണത്തിനായി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് 872.09 കോടി രൂപ വകയിരുത്തി. 86 ഗ്രാമ പഞ്ചായത്തുകളിൽ ആകെ 17149 പ്രോജക്ടുകൾക്കായാണ് ഈ തുക അനുവദിച്ചത്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചതോടെയാണ് ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളും 2020 -21 വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിലേക്ക് കടന്നത്.

2020 മാർച്ച് 31നകം സമർപ്പിക്കുന്നതിന് സാധിക്കാതിരുന്ന ആറ് ഗ്രാമപഞ്ചായത്തുകൾക്ക് കൂടി ആസൂത്ര ജില്ലാ സമിതിയുടെ അംഗീകാരം ലഭിച്ചതോടെയാണിത്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സുപ്രധാനമായ ഒട്ടേറെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്ന തിരക്കിനിടയിലും 2020-21 വാർഷിക പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും സമയ ബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനം കൊണ്ടാണ് ഇത് സാധ്യമായത്.

ആദ്യഘട്ടത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും, മഴക്കാലപൂർവ്വ ശുചീകരണം, മാലിന്യ സംസ്കരണം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അംഗീകാരം ലഭ്യമായത് പ്രകാരമുള്ള പദ്ധതികളുടെ നിർവഹണത്തിന്റെ ആദ്യഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ആലോചിക്കുന്നതായി ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനമെടുത്തു വെന്നും ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## നിർമ്മാണ പ്രവൃത്തികൾ:
## താലൂക്ക്തല സമിതികളായി

ലോക് ഡൗൺ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ചെറുകിട നിർമ്മാണ പ്രവൃത്തികൾകൾക്ക് മേൽനോട്ടം വഹിക്കുന്നതിന് താലൂക്ക്തലത്തിൽ സമിതികൾ രൂപീകരിച്ചു. തഹസിൽദാർ, അസി. ലേബർ ഓഫീസർ, സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരാണ് താലൂക്ക്തല സമിതിയിലെ അംഗങ്ങൾ. നിർമ്മാണ പ്രവൃത്തികൾക്കുള്ള അനുമതി ഈ സമിതികളാണ് നൽകേണ്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രണങ്ങളോടെ വേണം സംഘടിപ്പിക്കേണ്ടത്. തൊഴിലാളികൾ സാമൂഹിക അകലം പാലിക്കണം, പനിയും മറ്റു ആരോഗ്യ പ്രശ്നങ്ങളുമുള്ള ആളുകളെ ജോലിക്ക് നിയോഗിക്കാതെ ആവശ്യമായ ചികിത്സ നൽകണം. തൊഴിലാളികൾ നിർബന്ധമായി മാസ്ക് ഉപയോഗിക്കണം. തൊഴിലിടങ്ങളിൽ സാനിറ്റൈസർ ലഭ്യമാക്കണം. നിർമ്മാണ സ്ഥലത്ത് പത്തിൽ കൂടുതൽ തൊഴിലാളികൾ പാടില്ല.

## ജില്ലാതിർത്തികളിൽ പരിശോധന ശക്തമാക്കി

പാലക്കാട് ജില്ലയിൽ നിന്നും തൃശൂർ ജില്ലയിലെ സംസ്ഥാന പാതയിലേയ്ക്ക് പ്രവേശിക്കുന്ന ചാലിശ്ശേരി - കല്ലുംപുറം റോഡ് കുന്നംകുളം പോലീസ് അടച്ചു പൂട്ടി. കടവല്ലൂർ വടക്ക്മുറിയിൽ നിന്നും മുക്കൂട്ടക്ക് പ്രവേശിക്കാവുന്ന റോഡും കഴിഞ്ഞദിവസം പോലീസ് അടച്ചിരുന്നു. മലപ്പുറം ജില്ലയിൽ നിന്ന് തൃശൂർ ജില്ലയിലേക്ക് പ്രവേശിക്കാനുള്ള വഴികൂടിയായതിനാലാണ് ഇത് അടച്ചത്. തൃശൂർ ജില്ലയിലേക്കെത്താൻ കുറുക്കുവഴികളിലൂടെ വരുന്ന വാഹനങ്ങളും പോലീസ് പിടികൂടി തിരിച്ചു വിടുന്നുണ്ട്. ഇത്തരം കുറുക്കുവഴികളിലൂടെ അതിർത്തി കടക്കാൻ ശ്രമിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കുന്നംകുളം പോലീസ് അറിയിച്ചു.

മലപ്പുറം ജില്ലയെ റെഡ് സോണായി പ്രഖ്യാപിച്ചതിനെ തുടർന്ന് തൃശൂർ ജില്ലാതിർത്തിയായ ഒറ്റപ്പിലാവിൽ പോലീസിന്റെ കർശന വാഹന പരിശോധന. മലപ്പുറം ജില്ലയിൽ നിന്നു കുറുക്കുവഴിയിലൂടെ തൃശൂർ ജില്ലയിലേക്ക് കടന്ന 50 ഓളം വാഹനങ്ങൾ പോലീസ് പരിശോധിച്ച് തിരിച്ചയച്ചു. ആശുപത്രി കേസുകളുമായി പോകുന്ന വാഹനങ്ങൾ മാത്രമാണ് കടത്തിവിട്ടത്. പാലക്കാട് ജില്ലയിൽ നിന്നും വന്ന 300 ഓളം വാഹനങ്ങളും പരിശോധിച്ചാണ് കടത്തിവിട്ടത്. ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്തവരേയും പോലീസ് പിടികൂടി. കുന്നംകുളം എസിപി ടി എസ് സിനോജ്, എസ്എച്ച്ഒ കെ ജി സുരേഷ്, എസ് ഐ ബാബു, കുന്നംകുളം സ്റ്റേഷനിലെ സീനിയർ സി പി ഒ ആന്റോ, സി പി ഒമാരായ ലിമേഷ്, സന്ദീപ് എന്നിവരുടെ നേതൃത്വത്തിലാണ് വാഹന പരിശോധന നടത്തിയത്.

***ഫോട്ടോ അടിക്കുറിപ്പ്: തൃശൂർ ജില്ലാതിർത്തിയായ ഒറ്റപ്പിലാവ് സെന്ററിൽ നടന്ന വാഹന പരിശോധന***

## അങ്കണവാടി പ്രവർത്തകർ
## അരിയും പച്ചക്കറിയും നൽകി

കടങ്ങോട് പഞ്ചായത്തിലെ അങ്കണവാടി പ്രവർത്തകർ പഞ്ചായത്തിന്റെ കമ്യൂണിറ്റി കിച്ചണിലേക്കു ഒരു ചാക്ക് അരിയും പച്ചക്കറികളും സംഭാവന നൽകി. ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ ജലീൽ ആദൂർ, യുവജന ക്ഷേമബോഡ് കോർഡിനേറ്റർ അനുഷ് സി മോഹൻ എന്നിവർ ചേർന്ന് അങ്കണവാടി പ്രവർത്തകരായ സരസ്വതി ടീച്ചർ, ലളിത എന്നിവരിൽ നിന്നും ഭക്ഷ്യവസ്തുക്കൾ സ്വീകരിച്ചു. കടങ്ങോട് പഞ്ചായത്തിലെ മുഴുവൻ അങ്കണവാടി പ്രവർത്തകരും ഇനിയും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകുമെന്ന് ഉറപ്പു നൽകിയതായും ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ ജലീൽ ആദൂർ പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: കടങ്ങോട് ഗ്രാമപഞ്ചായത്തിലെ കമ്യൂണിറ്റി കിച്ചനിലേക്ക് അങ്കണവാടി പ്രവർത്തകർ ഭക്ഷ്യധാന്യം നൽകുന്നു***

## ജില്ലാ വികസന സമിതി യോഗം ഉണ്ടാകില്ല

ഏപ്രിൽ 25 ന് നടത്താനിരുന്ന ജില്ലാ വികസന സമിതി യോഗം ഉണ്ടായിരിക്കുന്നതല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## ചെളി നീക്കം ചെയ്യണം

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇനി ഞാൻ ഒഴുകട്ടെ-ജലാശയങ്ങളിൽ നിന്നും ചെളി നീക്കം ചെയ്യൽ എന്ന പ്രോജക്ട് അടിയന്തിരമായി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളും നടപടി സ്വീകരിക്കണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു.

## സൗജന്യ റേഷൻ കൈപ്പറ്റിയത് 99.12% പേർ

കോവിഡ് അതിജീവനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സൗജന്യ റേഷൻ ജില്ലയിൽ കൈപ്പറ്റിയത് 99.12% പേർ. 8.37 ലക്ഷം കാർഡുടമകളിൽ 8.29 ലക്ഷം പേരും ഇതിനകം റേഷൻ കൈപ്പറ്റി. 17 ഇനങ്ങൾ അടങ്ങിയ പലവ്യഞ്ജന കിറ്റ് എഎവൈ വിഭാഗത്തിൽ 97.6% പേരും കൈപ്പറ്റി. പിഎംജികെഎവൈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന സൗജന്യ അരി എഎവൈ കാർഡുടമകളിൽ 76.94% പേരും പിഎച്ച്എച്ച് കാർഡുടമകളിൽ 25% പേരും കൈപ്പറ്റി. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന് പൊതുവിപണിയിൽ നടത്തിയ പരിശോധനയിൽ 12 ക്രമക്കേടുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## സമൂഹ അടുക്കള 12493 ഭക്ഷണപൊതികൾ നൽകി

ജില്ലയിൽ പ്രവർത്തിക്കുന്ന 98 സമൂഹ അടുക്കളകൾ വഴി ബുധനാഴ്ച (ഏപ്രിൽ 22) 12493 ഭക്ഷണപൊതികൾ നൽകി. ഇതിൽ 10152 പൊതികളും സൗജന്യമായാണ് നൽകിയത്. 21 ജനകീയ ഹോട്ടലുകൾ വഴി 1710 പേർക്ക് ഭക്ഷണം വിതരണം ചെയ്തു.

## നിർദ്ധനകുടുംബത്തിന് തുണയായി ചാവക്കാട് പോലീസ്

രോഗാതുരരും നിർധനമായ കുടുംബത്തിന് ശുചിമുറിയും ചികിത്സാ സഹായവും നൽകി ചാവക്കാട് പോലീസ്. മേപ്പിള്ളി കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടി സബ്ജിപ്പടിയിലെ കുടുംബത്തിനാണ് ജനമൈത്രിപോലീസിന്റെ കരുതൽ തുണയായത്. നിർധന കുടുംബങ്ങൾക്കുള്ള ഭക്ഷ്യ കിറ്റ് വിതരണത്തിനിടെയാണ് ഉമ്മയും രണ്ട് പെൺമക്കളുമടങ്ങിയ കുടുംബത്തിന്റെ ദുരിതജീവിതം പോലീസറിഞ്ഞത്. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത വീടിന്റെ ശോച്യാവസ്ഥയും ഇവരുടെ കദനകഥയുമറിഞ്ഞ ചാവക്കാട് പോലീസ് വീടിനോട് ചേർന്ന് ശുചിമുറി നിർമ്മിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. തുടർചികിത്സയ്ക്കുള്ള സൗകര്യവും പോലീസ് ഏർപ്പെടുത്തി.

ചാവക്കാട് പോലീസ് എസ്എച്ച്ഒ അനിൽ ടി മേപ്പിള്ളി, സീനിയർ സിവിൽ പോലീസ് ഓഫീസർ ജിജി, സി. പി. ഒ. മാരായ പ്രവീൺ , ജോഷി , ജയകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു നടപടികൾ.

***ഫോട്ടോ അടിക്കുറിപ്പ്: ചാവക്കാട് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടി സബ്ജിപ്പടിയിലെ കുടുംബത്തിന് ശുചിമുറി നിർമ്മിക്കുന്നു***

## ജീവനി സഞ്ജീവനി പദ്ധതി ഹോർട്ടികോർപ്പ് 30 ലക്ഷം രൂപ ലഭ്യമാക്കും - യു.ആർ. പ്രദീപ് എം.എൽ.എ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ലോക് ഡൌൺ പ്രഖ്യപിച്ച സാഹചര്യത്തിൽ അധിക പച്ചക്കറി ഉൽപാദനം കർഷകർക്ക് ആശങ്കയുണ്ടാക്കിയിരുന്നു. എന്നാൽ കർഷകർക്ക് ആശ്വാസമായി ജീവനി സഞ്ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് ചേലക്കര മണ്ഡലത്തിൽ സംവിധാനം ഒരുക്കിയതായി യു.ആർ. പ്രദീപ് എം.എൽ.എ അറിയിച്ചു.

ജീവനി സഞ്ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തി ഏപ്രിൽ 15 മുതൽ പ്രാദേശിക സംഭരണ വിതരണസംവിധാനം ഒരുക്കിയിരുന്നു. എം.എൽ.എ യു.ആർ. പ്രദീപും, ജില്ലാ കൃഷി ഓഫീസർ കെ. രാധാകൃഷ്ണനും ചേർന്ന് വിവിധ കൃഷിയിടങ്ങളിൽ നേരിട്ട് സന്ദർശിച്ചാണ് ഹോർട്ടികോർപ്പ് മുഖേന അധിക സംഭരണത്തിനായി സംവിധാനം ഒരുക്കിയത്. ഇതിലേക്കായി 30 ലക്ഷം രൂപ ഹോർട്ടികോർപ്പ് ലഭ്യമാക്കും. കർഷകർക്ക് സമയബന്ധിതമായി മികച്ച വില ലഭിക്കുന്നതിനോടൊപ്പം സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ വിഷാംശമില്ലാത്ത പച്ചക്കറി ലഭിക്കുകയും ചെയ്യും. പഴയന്നൂർ ബ്ലോക്കിലെ 350 ഹെക്ടറിലും, വടക്കാഞ്ചേരി ബ്ലോക്കിലെ സുമാർ 50 ഹെക്ടറിലുമുള്ള പച്ചക്കറി കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും.

പഴയന്നൂർ ബ്ലോക്കിലെ പഴയന്നൂർ ചേലക്കര പഞ്ചായത്തിലെ വിവിധ കാർഷിക ക്ലസ്റ്ററുകൾ നേരിട്ട് എം.എൽ.എയുടെ നേതൃത്വത്തിൽ സന്ദർശിച്ചു. പ്രിൻസിപ്പിൽ കൃഷി ഓഫീസർക്ക് പുറമേ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. പത്മകുമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ നരേന്ദ്രൻ, പ്രസാദ്, അസി. കൃഷി ഡയറക്ടർ ഷീബ ജോർജ്, പഴയന്നൂർ ബി.ഡി.ഒ എ. ഗണേഷ് എന്നിവർ സംഘത്തോടൊപ്പമുണ്ടായിരുന്നു.

# തുടരും